## 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1827** **20-06-2024 - ൽ മറുപടിയ്ക്ക്**

### അങ്കണവാടി ജീവനക്കരുടെ പെൻഷൻ വർദ്ധിപ്പിക്കാൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. സി. വിഷ്ണുനാഥ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ അങ്കണവാടി ജീവനക്കാരുടെ പെൻഷൻ വർദ്ധിപ്പിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) | **അങ്കണവാടി വർക്കർ/ഹെൽപ്പറായി 10 വർഷമോ അതിൽ കൂടുതലോ ജോലി ചെയ്യുവരും 62 വയസ് തികയുന്ന ദിവസം സർവീസിൽ ഉള്ളവർക്കും ക്ഷേമനിധി വിഹിതം ഒടുക്കുന്നതിൽ മുടക്കം വരുത്താത്തവർക്കും ആണ് പ്രതിമാസ ക്ഷേമനിധി പെൻഷൻ നൽകിവരുന്നത്. അങ്കണവാടി വർക്കർ/ ഹെൽപ്പർമാരുടെ പ്രതിമാസ ക്ഷേമനിധി വിഹിതം, വർഷം തോറും ലഭിക്കുന്ന സർക്കാർ വിഹിതം എന്നിവ ഉപയോഗിച്ചാണ് പ്രതിമാസ ക്ഷേമനിധി പെൻഷനും മറ്റനുബന്ധ ആനുകൂല്യങ്ങളും ക്ഷേമനിധി ബോർഡിന്റെ 10% ഭരണ ചെലവുകളും വഹിച്ചു വരുന്നത്. എന്നാൽ ഓരോ വർഷവും വിരമിക്കുന്ന പ്രവർത്തകരുടെ എണ്ണം വർദ്ധിക്കുകയും വിഹിതം അടയ്ക്കുന്നവരുടെ എണ്ണം സ്ഥിരമായി നിൽക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ ഓരോ വർഷവും വർദ്ധിച്ചു വരുന്ന ചെലവ് ബോർഡിന് കൂടുതൽ സാമ്പത്തിക ഞെരുക്കം ഉണ്ടാക്കുന്നു. ഈ സാമ്പത്തിക വർഷം സർക്കാർ വിഹിതമായി 1,80,00,000/- രൂപ (ഒരു കോടി എൺപത് ലക്ഷം രൂപ മാത്രം) ബോർഡിന് അനുവദിച്ചു നൽകിയിട്ടുണ്ട്. 01/04/2021 മുതൽ അങ്കണവാടി വർക്കർക്ക് 2,500/- രൂപ നിരക്കിലും അങ്കണവാടി ഹെൽപ്പർക്ക് 1,500/- രൂപ നിരക്കിലും പ്രതിമാസ പെൻഷൻ നൽകി വരുന്നു.** |
| (ബി) | അങ്കണവാടി ജീവനക്കാരുടെ പെൻഷൻ അവസാനമായി വർദ്ധിപ്പിച്ചതെന്നാണെന്നും എത്ര രൂപയാണ് വർദ്ധിപ്പിച്ചിട്ടുള്ളതെന്നും വിശദമാക്കാമോ; | (ബി) | **അങ്കണവാടി വർക്കർ/ഹെൽപ്പറായി 10 വർഷമോ അതിൽ കൂടുതലോ ജോലി ചെയ്യുവരും 62 വയസ് തികയുന്ന ദിവസം സർവീസിൽ ഉള്ളവർക്കും ക്ഷേമനിധി വിഹിതം ഒടുക്കുന്നതിൽ മുടക്കം വരുത്താത്തവർക്കും ആണ് പ്രതിമാസ ക്ഷേമനിധി പെൻഷൻ നൽകിവരുന്നത്. അങ്കണവാടി വർക്കർ/ ഹെൽപ്പർമാരുടെ പ്രതിമാസ ക്ഷേമനിധി വിഹിതം, വർഷം തോറും ലഭിക്കുന്ന സർക്കാർ വിഹിതം എന്നിവ ഉപയോഗിച്ചാണ് പ്രതിമാസ ക്ഷേമനിധി പെൻഷനും മറ്റനുബന്ധ ആനുകൂല്യങ്ങളും ക്ഷേമനിധി** |

| | | | |
|---|---|---|---|
| | | | **ബോർഡിന്റെ 10% ഭരണ ചെലവുകളും വഹിച്ചു വരുന്നത്. എന്നാൽ ഓരോ വർഷവും വിരമിക്കുന്ന പ്രവർത്തകരുടെ എണ്ണം വർദ്ധിക്കുകയും വിഹിതം അടയ്ക്കുന്നവരുടെ എണ്ണം സ്ഥിരമായി നിൽക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ ഓരോ വർഷവും വർദ്ധിച്ചു വരുന്ന ചെലവ് ബോർഡിന് കൂടുതൽ സാമ്പത്തിക ഞെരുക്കം ഉണ്ടാക്കുന്നു. ഈ സാമ്പത്തിക വർഷം സർക്കാർ വിഹിതമായി 1,80,00,000/- രൂപ (ഒരു കോടി എൺപത് ലക്ഷം രൂപ മാത്രം) ബോർഡിന് അനുവദിച്ചു നൽകിയിട്ടുണ്ട്. 01/04/2021 മുതൽ അങ്കണവാടി വർക്കർക്ക് 2,500/- രൂപ നിരക്കിലും അങ്കണവാടി ഹെൽപ്പർക്ക് 1,500/- രൂപ നിരക്കിലും പ്രതിമാസ പെൻഷൻ നൽകി വരുന്നു.** |
| (സി) | അങ്കണവാടി ജീവനക്കാരുടെ പെൻഷനോടൊപ്പം ഏതെങ്കിലും തരത്തിലുള്ള മെഡിക്കൽ ഇൻഷുറൻസ് പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ; നടപ്പിലാക്കിയിട്ടില്ലായെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കുമോ? | (സി) | അങ്കണവാടി ജീവനക്കാരുടെ പെൻഷനോടൊപ്പം മെഡിക്കൽ ഇൻഷുറൻസ് പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല. അങ്കണവാടി ജീവനക്കാർക്ക് മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്ന വിഷയം നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ